(സി) തുടർച്ചയായ 3 വർഷത്തിനിടയിൽ 2 വർഷത്തെ സേവനം പൂർത്തിയാക്കുകയും പ്രസ്തുത കാലയളവിനുള്ളിൽ നിർബന്ധിത ടെസ്റ്റുകൾ പാസ്സാവുകയും ചെയ്യുന്ന മുറയ്ക്കാണ് എൽ.ഡി. ക്ലാർക്കുമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത്. ഈ നടപടിക്രമം തിരുവനന്തപുരം ജില്ലയിലെ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ കാര്യത്തിലും പാലിച്ചുവരുന്നു.

(ഡി-എഫ്) ബാധകമല്ല.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിയമനത്തിന്റെ മാനദണ്ഡം

131 (4566) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി (സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾ ഒഴികെ) തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന്റെയും പ്രൊമോഷൻ വഴിയുള്ള നിയമനത്തിന്റെയും അനുപാതം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ അനുപാതമനുസരിച്ച് നടത്തേണ്ടുന്ന ആകെ തസ്തിക എത്രയെന്നും അതിൻപ്രകാരം പി.എസ്.സി. ലിസ്റ്റിൽ നിന്നും ആകെ എത്ര പേരെ നേരിട്ട് നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ;

(സി) മേൽ സൂചിപ്പിച്ച അനുപാതത്തിൽ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് 6:4 എന്ന അനുപാതത്തിലാണ് പ്രൊമോഷൻവഴിയുള്ള നിയമനവും നേരിട്ടുള്ള നിയമനവും നടത്തുന്നത്.

(ബി) നേരിട്ട് നിയമനം നടത്തേണ്ടുന്ന ആകെ തസ്തിക 217 ആണ്. അതിൻപ്രകാരം 148 പേർക്ക് നേരിട്ട് നിയമനം നൽകിയിട്ടുണ്ട്.

(സി) തൽക്കാലം ഉദ്ദേശ്യമില്ല.

സാധാരണക്കാർക്ക് ഹൃദ്രോഗ ചികിത്സയ്ക്കുള്ള സംവിധാനം

132 (4567) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഹൃദ്രോഗവും അതുമൂലമുണ്ടാകുന്ന മരണങ്ങളും വർദ്ധിച്ചുവരുന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാധാരണക്കാർക്ക് ഹൃദ്രോഗ ചികിത്സാച്ചെലവ് വഹിക്കാൻ കഴിയുന്നില്ലെന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന് പരിഹാരം കാണുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി സ്വകാര്യ ആശുപത്രികളുടെ സേവനംകൂടി പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. എന്നിരുന്നാലും മറ്റ് സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ഫീസിനെക്കാൾ വളരെ കുറവാണ് മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും ചികിത്സയ്ക്കായി വാങ്ങുന്ന ഫീസ്.

(സി) ഇതിന് പരിഹാരം കാണുന്നതിനായി സർക്കാർ കേരളാ ഹാർട്ട് ഫൗണ്ടേഷൻ എന്നൊരു സ്ഥാപനത്തിന് രൂപം നൽകിയിട്ടുണ്ട്. ഈ സ്ഥാപനം നിലവിൽവരുന്ന മുറയ്ക്ക് മെഡിക്കൽ കോളേജുകൾ, മറ്റു ഗവൺമെന്റ് ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നും റഫർ ചെയ്യപ്പെടുന്നവരിൽ 20 ശതമാനം രോഗികൾക്ക് സൗജന്യ ചികിത്സ നൽകുവാൻ സാധിക്കും. കൂടാതെ ഹൃദ്രോഗികളുടെ ഇൻഷുറൻസ് സ്കീം ആരംഭിക്കുന്നതിനും നിർദ്ദേശമുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

എയ്ഡ്സ്ബാധമൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിനും അവരെ പുനഃരധിവസിപ്പിക്കുന്നതിനും നടപടി

133 (4568) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡ്സ്ബാധമൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ പുനരധിവാസത്തിനും സംരക്ഷണത്തിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് നാളിതുവരെയായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിൽ വിദേശസഹായം എത്ര തുകയാണെന്നും എത്ര തുക മൊത്തം പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത സ്ഥാപനത്തിൽ എത്ര ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർ പ്രവർത്തിക്കുന്നുണ്ട് എന്നും ഇവരുടെ ആവശ്യത്തിലേക്കായി എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ടെന്നും ഇവർക്കായി 2002-03 സാമ്പത്തിക വർഷത്തിൽ എത്ര തുക ശമ്പളമായും അലവൻസായും യാത്രപ്പടിയായും നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly